**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **26-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (എ) | ടി പദ്ധതിയുടെ സ്ട്രക്ച്റൽ വർക്ക് പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് വർക്ക് പൂർത്തീകരണ ഘട്ടത്തിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കണ്ണൂർ ജില്ലയിൽ പരിയാരം സർക്കാർ മെഡിക്കൽ കോളേജിനു സമീപം മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ ആശ്വാസ് വാടകവീട് പദ്ധതി പ്രകാരം 3 നിലകളിലായി 64 കിടക്കകളുള്ള കെട്ടിടം നടപ്പിലാക്കുന്നതിന് ആറ് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് 18/03/2022 തീയതിയിൽ കരാറിലേർപ്പെട്ടു. മെഡിക്കൽ കോളേജിന്റെ കൈവശത്തുനിന്നും പദ്ധതി ഭൂമി ബോർഡിന് വിട്ടു ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ 20/02/2023 തീയതിയിലാണ് കരാറുകാരന് സൈറ്റ് കൈമാറ്റം ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചത്. നിലവിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ